ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാന സബ്സിഡി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് 9-6-2000 - ലാണ് പുറപ്പെടുവിച്ചത്.

(ബി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് ഒരു കിലോ അരിക്ക് 1-4-2000 മുതൽ നല്കി വന്ന സബ്സിഡി ഒരു രൂപയിൽ നിന്നും രണ്ട് രൂപയായി വർദ്ധിപ്പിച്ചു കൊണ്ടുള്ള ഉത്തരവാണ് 9-6-2000-ൽ പുറപ്പെടുവിച്ചിട്ടുള്ളത്. ഇപ്രകാരം 16 കിലോ അരി ഒരു കുടുംബത്തിന് പ്രതിമാസം 10 രൂപ 40 പൈസയ്ക്ക് ലഭിക്കും.

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 42 ശതമാനം കുടുംബങ്ങൾക്ക് പ്രതിമാസം 20 കിലോ അരി 6 രൂപ 40 പൈസ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിൽ 25% കുടുംബങ്ങൾക്കുള്ള അരി മാത്രമേ കേന്ദ്രഗവൺമെന്റ് സബ്സിഡി നിരക്കിൽ നല്കുന്നുള്ളു. ബാക്കി 17%ത്തിനുള്ള സബ്സിഡിയുടെ അധികച്ചെലവ് പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള എല്ലാ കുടുംബങ്ങൾക്കും പ്രതിമാസം16 കിലോ അരി വീതം കിലോയ്ക്ക് 2 രൂപ സബ്സിഡി നല്കി (10 രൂപ 40 പൈസ നിരക്കിൽ) വിതരണം ചെയ്യുന്നു. ഇത് പൂർണ്ണമായും സംസ്ഥാന സബ്സിഡിയാണ്. സംസ്ഥാന സബ്സിഡിക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഇപ്പോൾത്തന്നെ തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തിൽപരം റേഷൻ കടകളിലൂടെ പലവ്യജ്ഞനവും പയറു വർഗ്ഗങ്ങളും മറ്റും വില്പനയ്ക്കായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നല്കി വരുന്നുണ്ട്. റേഷൻ കടക്കാർ തയ്യാറായി വരുന്ന മുറയ്ക്ക് ഇത് കൂടുതൽ കടകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. റേഷൻ സാധനങ്ങൾ അല്ലാതെയുള്ള മറ്റ് നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകളിലൂടെ വില്ക്കുന്നതിനു യാതൊരു നിയമ തടസവും ഇല്ലെന്നു വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് 5-6-2000-ൽ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. വേണമെങ്കിൽ നിത്യോപയോഗ സാധനങ്ങൾ വില്ക്കുന്നതിന് 5000 രൂപ വരെ വിലയ്ക്കുള്ള സാധനങ്ങൾ കടമായി നല്കുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ തയ്യാറാണെന്ന് റേഷൻ വ്യാപരികളുടെ പ്രതിനിധികളെ അറിയിച്ചിട്ടുണ്ട്.

ക്രീമിലെയർ നിർണ്ണയിക്കുന്നതിന് നിശ്ചയിച്ച കമ്മിഷന് ഗവൺമെന്റ് നൽകിയ തെളിവുകൾ

18 (*18) ശ്രീ. അടൂർ പ്രകാശ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ നിർണ്ണയിക്കുന്നതിനായി സുപ്രീം കോടതി നിയമിച്ച ജോസഫ് കമ്മിഷൻ മുമ്പാകെ ഗവൺമെന്റ് തെളിവ് നൽകുകയോ മറ്റെന്തെങ്കിലും അഭിപ്രായം ഔദ്യോഗികമായി അറിയിക്കുകയോ ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഗവൺമെന്റ് നൽകിയ തെളിവോ അഭിപ്രായമോ എന്താണെന്ന് പറയുമോ;

(സി) പ്രസ്തുത കമ്മിഷൻ മുമ്പാകെ ഗവൺമെന്റ് തെളിവ് നൽകാതിരിക്കുകയോ ഗവൺമെന്റിന്റെ അഭിപ്രായം ഔദ്യോഗികമായി അറിയിക്കാതിരിക്കുകയോ ചെയ്തിട്ടുള്ള പക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) ക്രീമിലെയർ സംബന്ധിച്ച വരുമാന പരിധി നിർണ്ണയിക്കുന്നതിനായി നിയോഗിച്ച നരേന്ദ്രൻ കമ്മിഷൻ മുമ്പാകെ ഗവൺമെന്റ് തെളിവു നൽകുകയോ പ്രസ്തുത കമ്മീഷനെ ഗവൺമെന്റിന്റെ അഭിപ്രായം അറിയിക്കുകയോ ചെയ്തിട്ടുണ്ടോ ;

(ഇ) ഇല്ലാത്ത പക്ഷം അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കമ്മിഷന്റെ സ്വാതന്ത്രമായ പ്രവർത്തനത്തിൽ ഇടപെടുന്നത് ആശാസ്യമല്ല എന്നതാണ് ഇതിന് കാരണം.

(ഡി) ഇല്ല.

(ഇ) സി ചോദ്യത്തിനുള്ള മറുപടി കാണുക.

നരേന്ദ്രൻ കമ്മീഷന്റെ ശുപാർശകൾ

19 (*19) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നരേന്ദ്രൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു ;

(ബി) ജോസഫ് കമ്മീഷന്റെ ശുപാർശകളും നരേന്ദ്രൻ കമ്മീഷന്റെ ശുപാർശകളും തമ്മിൽ എന്തെല്ലാം കാര്യങ്ങളിൽ വ്യത്യാസമുണ്ടായിരുന്നു ;

(സി) നരേന്ദ്രൻ കമ്മീഷന്റെ ഏതെല്ലാം ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ചു ;

(ഡി) ഏതെല്ലാം ശുപാർശകൾ അംഗീകരിക്കാതിരുന്നു ;

(ഇ) ഏതെല്ലാം ശുപാർശകൾ മാറ്റത്തോടെ അംഗീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) നരേന്ദ്രൻ കമ്മീഷന്റെ ചില ശുപാർശകൾ അംഗീകരിക്കാതിരുന്നതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.†

(ബി) അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്.†

† അനുബന്ധം III (1,2)

LIBRARY ARCHIVES Kerala Legislative Assembly